(24) തേർത്തല്ലി മേരിഗിരി സ്കൂളിൽ പ്ലസ് ടൂ കോഴ്സ്

ശ്രീ. കെ. സി. ജോസഫ് : സർ, മാനദണ്ഡങ്ങൾ മറികടന്നും ഗവൺമെന്റ് ഉറപ്പുകൾ ലംഘിച്ചുകൊണ്ടുമാണ് ഇത്തവണ മലബാറിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചത്. 26-07-2000-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് പ്ലസ് ടൂ അനുവദിച്ച അവസരത്തിൽ പരാതികൾ ഉണ്ടായി. പരാതിയുള്ള ഹൈസ്ക്കൂളുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു. ഹൈക്കോടതി നിർദ്ദേശപ്രകാരം പരാതി പരിശോധിക്കുവാൻ വേണ്ടി ഒരു ഹൈലെവൽ കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചു. കണ്ണൂർ ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടർ ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ എന്നിവരാണ് ആ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റി പരാതികളെല്ലാം പരിശോധിച്ചു. 12 സ്കൂളുകളാണ് പരാതി കൊടുത്തത്. പരാതികളെല്ലാം പരിശോധിച്ചതിനു ശേഷം ആറ് സ്കൂളുകൾക്ക് പ്ലസ് ടൂ അനുവദിക്കാൻ ശുപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിനു വേണ്ടി സെക്രട്ടറി ഓഫ് എഡ്യൂക്കേഷൻ, മാരപാണ്ഡ്യൻ ഒപ്പിട്ട 18-05-2002-ലെ G.O. (Ms) നമ്പർ 116/2002 എന്ന ഒരു ജി. ഒ. യിൽ പറയുന്നത് Therefore, Government order that the recommendation of the District level Committee will be given due weightage and consideration, when new schools are sanctioning in future. അപ്പോൾ അത് ഗവൺമെന്റിന്റെ കമ്മിറ്റ്മെന്റാണ്. അങ്ങനെയിരിക്കെ, അന്ന് ശുപാർശ ചെയ്ത ആറ് ഹൈസ്ക്കൂളുകളുടെ എന്റെ മണ്ഡലത്തിലുള്ള തേർത്തല്ലി മേരിഗിരി ഹൈസ്ക്കൂൾ കാണുന്നില്ല. ബഹുമാനപ്പെട്ട സി.കെ.പി. പത്മനാഭനും ടീച്ചർക്കും അറിയാവുന്നതാണ്. കണ്ണൂർ ജില്ലയിലെ വലിയ പഞ്ചായത്താണ് ആലക്കോട് പഞ്ചായത്ത്. ആ പഞ്ചായത്തിൽ ആകെ ഒരു പ്ലസ്ടൂ സ്കൂൾ മാത്രമേയുള്ളൂ. ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടും ഗവൺമെന്റിന് കമ്മിറ്റ്മെന്റ് ഉണ്ടായിട്ടും മേരിഗിരി സ്കൂളിൽ പ്ലസ് ടൂ കൊടുത്തില്ല. ഇതിന് വേറെയെന്തെങ്കിലും കാരണമുണ്ടോ? ഞാൻ സംശയിക്കുന്നത്, there are extraneous considerations in sanctioning the high schools. ദയവായി അങ്ങ് ഇതിന് മറുപടി പറയണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയിൽ ഉൾപ്പെടുന്നത് ഹയർ സെക്കന്ററി ഡയറക്ടർ, സീമാറ്റിന്റെ ഡയറക്ടർ, എസ്. സി. ഇ. ആർ. റ്റി-യുടെ ഡയറക്ടറായ ഡോക്ടർ ഖാദർ എന്നീ മൂന്നുപേരാണ്. ഇവർ ശുപാർശ ചെയ്ത സ്കൂളുകൾക്കാണ് പ്ലസ് ടൂ കൊടുത്തിട്ടുള്ളത്. വളരെ കൃത്യമായ മാനദണ്ഡപ്രകാരമാണ് തീരുമാനങ്ങളെടുത്തിട്ടുള്ളത്. പ്ലസ് വൺ പഠനസൗകര്യമില്ലാത്ത പഞ്ചായത്തുകൾക്കാണ് മുൻഗണന കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ആലക്കോട് പഞ്ചായത്തിലെ തേർത്തല്ലി

LIBRARY ARCHIVES Kerala Legislative Assembly

മേരിഗിരി ഹൈസ്ക്കൂളിന്റെ പേര് ഈ കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. ആലക്കോട് പഞ്ചായത്തിൽ നിലവിൽ ഒരു ഹയർസെക്കന്ററി സ്കൂൾ ഉണ്ട്. അതിന്റെ പേര് എൻ. എസ്. എസ്., എച്ച്. എസ്. എസ്. ആലക്കോട് എന്നാണ്. അപ്പോൾ സ്വാഭാവികമായും ഹയർസെക്കന്ററി പഠനസൗകര്യമില്ലാത്ത പഞ്ചായത്തുകൾക്കാണ് ഇപ്പോഴത്തെ മാനദണ്ഡപ്രകാരം മുൻഗണന കൊടുത്തത്. അതിന് അവിടത്തെ വിദ്യാർത്ഥികളുടെ കോൺസെൻട്രേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ആധിക്യം, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ആധിക്യം ഇങ്ങനെ ഒരുപാട് മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങളെല്ലാം രേഖാമൂലം എഴുതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തിട്ടുള്ളത്. ഡ്യൂ വെയിറ്റേജ് കൊടുക്കുമെന്നാണ് കമ്മിറ്റി പറഞ്ഞിട്ടുള്ളത്. ഡ്യൂ വെയിറ്റേജ് കൊടുത്തുകൊണ്ട് തന്നെയായിരിക്കും തീരുമാനിച്ചിട്ടുണ്ടാകുക. ഇപ്പോൾ extraneous factors എന്നെല്ലാം പറഞ്ഞാൽ നമുക്കറിയാം, ചില ബിഷപ്പുമാരെല്ലാം ചില പരാതികൾ, ബി.എഡിന് എൻ. ഒ. സി. കിട്ടണമെങ്കിൽ എന്ത് വേണമെന്നൊക്കെ പറഞ്ഞതിനെക്കുറിച്ചൊക്കെ നമുക്കറിയാം. അത്തരത്തിലുള്ള യാതൊരു പരിഗണനകളും ഈ ഹയർസെക്കന്ററി സ്കൂൾ തീരുമാനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല.

(25) ഷാജിയെ പോലീസ് മർദ്ദിച്ച സംഭവം സംബന്ധിച്ച്

ശ്രീ. കെ. പി. മോഹനൻ: സർ, കാർഗിൽ യുദ്ധപോരാളിയും വിമുക്ത ഭടനുമായ പൂക്കോട് തൃക്കണ്ണാപുരം വടക്കേപറമ്പത്ത് ഷാജി തന്റെ രണ്ട് സുഹൃത്തുക്കളെ പാനൂർ പോലീസ് കസ്റ്റഡിയിലെടുത്ത വിവരമറിഞ്ഞ് പോലീസ് സ്റ്റേഷനിലെത്തി. സുഹൃത്തുക്കളെ പോലീസ് മർദ്ദിക്കുന്നതുകണ്ട് അതിനെ ചോദ്യം ചെയ്തപ്പോൾ ഷാജിയെ മർദ്ദിക്കുകയും ഷാജിയുടെ പേരിൽ കേസെടുത്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഷാജിക്ക് മർദ്ദനമേറ്റതറിഞ്ഞ ബഹുമാനപ്പെട്ട കോടതി ഷാജിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ജില്ലാ ആശുപത്രിയിൽ നിന്നും ഷാജിയെ ഡിസ്ചാർജ് ചെയ്ത് ഇപ്പോൾ മിലിട്ടറി ഹോസ്പിറ്റലിലേക്ക് മാറ്റിയിരിക്കുകയാണ്. ജനമൈത്രി പോലീസ് എന്ന അങ്ങയുടെ ആശയത്തേയും നയത്തേയും വെല്ലുവിളിക്കുന്നതാണ് ഈ സംഭവം. അതുകൊണ്ട് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 25-7-2010 രാത്രി പാനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാക്കുനി എന്ന സ്ഥലത്ത് മദ്യപിച്ച് പരസ്പരം അടിപിടിയുണ്ടാക്കിയ ശ്രീജിത്ത്, പ്രജിത്ത് എന്നിവരെ പാനൂർ പോലീസ് അറസ്റ്റ്ചെയ്ത് പ്രതികളുടെ പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 160 വകുപ്പുപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ മെഡിക്കൽ പരിശോധനയ്ക്കുശേഷം ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. പോലീസ് കസ്റ്റഡിയിലെടുത്തവരെ തിരക്കി രാത്രി 8.45 ഓടുകൂടി സ്റ്റേഷനിൽ വന്ന വിമുക്ത ഭടനായ ഷാജി, പോലീസ് ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും

LIBRARY ARCHIVES Kerala Legislative Assembly